ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

3 (5408) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഇതുവരെ നവരത്നം ലോട്ടറി ഫണ്ടിലൂടെ സ്വരൂപിച്ച എന്ത് തുകയാണ് ചെലവഴിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്ലാൻ ഫണ്ടിൽ നിന്നും ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിക്കാനായി ;

(ഡി) ഈ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തൊട്ടാകെ എത്ര ദുർബ്ബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്നറിയിക്കുമോ ;

(ഇ) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പൊതുവായി ദുർബ്ബല സംഘങ്ങൾക്ക് എന്തൊക്ക സൗകര്യങ്ങളാണ് നല്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തനത്തിൽ ദുർബലമായി നിൽക്കുന്ന സഹകരണ സംഘങ്ങളെ പ്രത്യേക പദ്ധതികളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനും പുനസംഘാടനം നടത്തുന്നതിനുമായി ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2009-10 സാമ്പത്തിക വർഷം, ദുർബല സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി 20 കോടി രൂപ വകയിരുത്തി ധനസഹായം നൽകിയിട്ടുണ്ട്. ആയതിന് പുറമെ 2008-2009 വർഷത്തിൽ ഒരു കോടി രൂപ സംസ്ഥാനത്തെ കക്കാ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ 2008-2009 വർഷം നടത്തിയ സഹകരണ നവരത്നം ലോട്ടറിയിലൂടെ സ്വരൂപിച്ച തുകയും ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) നവരത്നം ലോട്ടറി ഫണ്ടിലൂടെ സഹകരണ വകുപ്പ് സ്വരൂപിച്ച 15,27,62,000 രൂപയിൽ 14,56,00,000 രൂപ വിവിധ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ല മൊത്ത വ്യാപാര സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 119.88 ലക്ഷം രൂപയും ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള തുമായ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം 42.48 ലക്ഷം രൂപയും പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയശേഷം സംസ്ഥാനത്ത് ഒട്ടാകെയുള്ള 302 സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദുർബലമായ അപ്ക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഇതിനുപുറമെ പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

4 (5409) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്നും, ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly